# V ക്രമപ്രശ്നം

## ചോദ്യങ്ങളുടെ ക്ലബ്ബ് ചെയ്യൽ സംബന്ധിച്ച്

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ ചില ഡയറക്ഷൻസ് ആവശ്യമായിരിക്കുകയാണ്. ഈ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ കുറെ ഡയറക്ഷൻസുണ്ട്. ഡയറക്ഷൻ നമ്പർ 4, ഡയറക്ഷൻ നമ്പർ 10 തുടങ്ങിയവ. അത് ഞാൻ ഇവിടെ വായിക്കുന്നില്ല. പല ചോദ്യങ്ങളും പരസ്പരം ക്ലബ്ബ് ചെയ്യുമ്പോൾ പരസ്പര വിരുദ്ധങ്ങളായ താൽപര്യങ്ങളുള്ള ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യപ്പെടുന്നു. അൺസ്റ്റാർഡ് ചോദ്യമാണെങ്കിൽ സാധാരണ രീതിയിൽ ധാരാളം അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ക്ലബ്ബ് ചെയ്യാൻ പററുമെന്നാണ് അങ്ങയുടെ ഡയറക്ഷൻ നമ്പർ 4-ൽ പറയുന്നത്. ഇവിടെ, രണ്ടുപേർ കൊടുത്ത ചോദ്യം ക്ലബ്ബ് ചെയ്തിരിക്കുന്നു. 'ലാർജ്ജ് നമ്പർ' എന്ന വിഭാഗത്തിൽ 'രണ്ട്' വരില്ലല്ലോ. വിധിപ്രകാരം, അതും നിയമപരമായി നമ്മുടെ റഫറൻസ് ലൈബ്രറികളിൽ നിന്നും കിട്ടാവുന്ന ചില പ്രസിദ്ധീകരിച്ചരേഖകൾ—അത് വച്ച്, ചോദ്യങ്ങൾ വരുക, ഞങ്ങൾക്കൊന്നും അതിന്റെ ആവശ്യമില്ല. കാരണം ഒരു ചോദ്യത്തിന് ചെലവഴിക്കുന്ന സംഖ്യയും അതിന്റെ പ്രാരബ്ധവും ചെറുതൊന്നുമല്ല. പല ചോദ്യങ്ങൾക്കും മറുപടിയും കിട്ടുന്നില്ല. അതുകൊണ്ട് നമ്മുടെ ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം ക്ലബ്ബ് ചെയ്യുന്ന ചോദ്യങ്ങൾ ഏകദേശ രീതിയിൽ സമാന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നവയാകണം. അൺസ്റ്റാർഡ് ക്വസ്റ്റ്യൻസാണെങ്കിൽ രണ്ടു വ്യക്തികൾ മാത്രമേ ഒരു വിഷയത്തിൽ ചോദ്യം ഉന്നയിച്ചിട്ടുള്ളൂ എങ്കിൽ രണ്ടു പേരായി തന്നെ ചേർക്കുന്നതാണ് ഉചിതം. ഇത് സംബന്ധിച്ച് ഒരു ചർച്ചയും തീരുമാനവും ഉണ്ടാകേണ്ട സമയമായിരിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ : ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്ന് നിരന്തരമായ ആവശ്യം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നാനാവശങ്ങളെപ്പററി പരിഗണിച്ച ശേഷം പാർലമെന്റിലും പല നിയമസഭകളിലും ചിരകാലമായി നിലവിലുള്ള നടപടിക്രമം ഇവിടെയും അംഗീകരിക്കുകയായിരുന്നു. ക്ലബ്ബിങ് സംബന്ധിച്ച നാലാം നമ്പർ ഡയറക്ഷൻ ധാരാളം അംഗങ്ങൾ ചോദിക്കുന്ന എല്ലാ ചോദ്യങ്ങളെപ്പററിയുമുള്ളതും പത്താം നമ്പർ ഡയറക്ഷൻ സ്റ്റാർഡ് ചോദ്യങ്ങളെ മാത്രം സംബന്ധിക്കുന്നതുമാണ്. ഈ നിലയിൽ ഇവ തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യം ഉള്ളതായി തോന്നുന്നില്ല.

ചോദ്യങ്ങൾ ക്ലബ്ബുചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള രീതിയെപ്പററി കാലാകാലങ്ങളിൽ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും അംഗങ്ങൾക്ക് ഓരോ പ്രശ്നത്തോടുമുള്ള സമീപനം, കാഴ്ചപ്പാട്, നയം എന്നിവ വ്യത്യസ്തവും പലപ്പോഴും പരസ്പര വിരുദ്ധവുമായതിനാൽ പ്രതിപക്ഷ കക്ഷികളിലെയും ഭരണ കക്ഷികളിലെയും അംഗങ്ങളുടെ ചോദ്യങ്ങൾ ഒന്നിച്ച് ക്ലബ്ബ് ചെയ്യുന്നത് ആശാസ്യമല്ലെന്നും, ഒരംഗം അറിയാനാഗ്രഹിക്കാത്തതോ അദ്ദേഹത്തിന് എതിർപ്പുള്ളതോ ആയ കാര്യങ്ങൾ അദ്ദേഹത്തിന്റെ ചോദ്യത്തോടൊപ്പം ക്ലബ്ബ് ചെയ്യുന്നത് ശരിയല്ലെന്നും, ക്ലബ്ബു ചെയ്യുന്നതുമൂലം ചോദ്യത്തിന്റെ സ്ഥൂലത വർദ്ധിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങൾക്ക് വിപരീതമാണെന്നും, പൊതുവായ പ്രശ്നങ്ങളോടൊപ്പം പ്രാദേശികവും വ്യക്തിപരവും സ്ഥിതിവിവരക്കണക്കുകൾ സംബന്ധിക്കുന്നതുമായ കാര്യങ്ങൾ ചേർത്ത് ചോദ്യങ്ങളുടെ ചൈതന്യത്തിന് ഹാനി വരുത്തുന്നുവെന്നും മറ്റുമുള്ള പരാതികളാണ് പൊതുവെ ഉയർന്നുവന്നിട്ടുള്ളത്. പക്ഷേ ഇന്ത്യൻ നിയമ നിർമ്മാണ സഭകളിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമമാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്; ആ നിലയിൽ ഇപ്പോഴുള്ള നടപടിക്രമങ്ങൾക്ക് മാററം വരുത്തണമെങ്കിൽ സമഗ്രമായ പരിശോധനയും പരിഗണനയും വേണ്ടതുണ്ട്. എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ കണ്ടുപിടിക്കാൻ സൂക്ഷ്മ പരിശോധനയുടെ സെർച്ച് ലൈററ് അടിക്കുന്ന സമയമാണ് ചോദ്യോത്തരവേള. സഭയുടെ ജീവൻ തുടിച്ച് നിൽക്കുന്ന സന്ദർഭമാണല്ലോ ചോദ്യോത്തരവേള. ഉപചോദ്യങ്ങൾ വഴി ചട്ടങ്ങളും കീഴ്വഴക്കങ്ങളും അനുസരിക്കുന്നതുമൂലം, അച്ചടിച്ച ചോദ്യങ്ങളുടെ ലിസ്ററിൽ കടന്നു കൂടുന്ന ന്യൂനതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ അംഗങ്ങൾക്ക് അവസരം ലഭിക്കുന്നതാണ്. എന്നിരുന്നാലും പൊതുസ്വഭാവമുള്ള ചോദ്യങ്ങളുടെ കൂടെ പ്രാദേശികമോ വ്യക്തിപരമോ സ്ഥിതി വിവരക്കണക്കുകൾ ഉൾക്കൊള്ളുന്നതോ ആയ സ്വഭാവമുള്ള ചോദ്യങ്ങൾ ചേർക്കുന്നതും താരതമ്യേന അപ്രധാനമായ പിരിവുകൾ ചേർത്ത് ചോദ്യങ്ങളുടെ സ്ഥൂലത വർദ്ധിപ്പിക്കുന്നതും പ്രായേണ ഒഴിവാക്കുവാൻ ചെയർ നിർദ്ദേശം നൽകുന്നതാണ്. മറെറന്തെങ്കിലും മാററം വേണമോ എന്ന കാര്യം ചെയർ പരിഗണിക്കുന്നതാണ്.

# VI ധനകാര്യം

## 1995-96 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയുംവോട്ടെടുപ്പും

ഭക്ഷ്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്ററിൽ † പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1995-96 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദാലി) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്ററിൽ† പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ളതുക 1995-96 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

---

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly